# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

21/06/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3111**

## വരൾച്ചമൂലമുണ്ടായ നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇക്കഴിഞ്ഞ വേനൽക്കാലത്ത് സംസ്ഥാനത്തുണ്ടായ വരൾച്ച, കാർഷിക മേഖലയിൽ എന്തെല്ലാം നഷ്ടങ്ങളാണുണ്ടാക്കിയിട്ടുള്ളത് ; | (എ) 2012-2013 വർഷത്തിലുണ്ടായ വരൾച്ച സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ അങ്ങേയറ്റം ബാധിച്ചിട്ടുണ്ട്. വിളകളുടെ വിസ്തൃതിയിലും, ഉല്പാദനക്ഷമതയിലും തദ്വാര ഉല്പാദനത്തിലും കുറവ് സംഭവിച്ചതുമൂലം കർഷകർക്ക് ഭീമമായ അളവിൽ നാശനഷ്ടം നേരിടേണ്ടി വന്നു. ഹ്രസ്വകാലവിളകൾക്ക് 30% മുതൽ 50% വരെയും ദീർഘകാല വിളകൾക്ക് 30% വരെയും വിളവ് കുറഞ്ഞിട്ടുണ്ട്. കൂടാതെ മഴക്കുറവുമൂലം ഉപ്പുവെള്ളം കയറി കോട്ടയം ജില്ലയിൽ 3919 ഹെക്ടറിലെയും ആലപ്പുഴ ജില്ലയിൽ 121.4 ഹെക്ടറിലെയും നെൽകൃഷി പൂർണ്ണമായി നശിച്ചിട്ടുണ്ട്. |
| (ബി) കാർഷിക മേഖലയിലുണ്ടായ വരൾച്ചാകെടുതികളെ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടുകൾ പ്രകാരം ഓരോ ജില്ലയിലും എത്ര രൂപയുടെ കൃഷി നാശമാണുണ്ടായിട്ടുള്ളത് ; | (ബി) 2012-2013 വർഷത്തിൽ (ഖാരിഫ് സീസണും / റാബി സീസണും ചേർത്ത്) വരൾച്ച മൂലം 7503.35 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) കൃഷിനാശം വന്ന കർഷകർക്ക് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം സഹായങ്ങൾ നൽകുകയുണ്ടായി; ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (സി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച 3737 കർഷകർക്ക് 44,02,452/- രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | തുക (രൂപ) | കർഷകർ |
|---|---|---|
| തിരുവനന്തപുരം | 15,00,000 | 234 |
| ഇടുക്കി | 28,65,454 | 3489 |
| തൃശ്ശൂർ | 36,998 | 14 |
| ആകെ | 44,02,452 | 3737 |

വരൾച്ചമൂലം കൃഷി നശിച്ച എല്ലാ കർഷകരുടേയും അപേക്ഷകൾ കൃഷി ഭവനുകളിൽ സ്വീകരിച്ചിട്ടുണ്ട്. നഷ്ട പരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) വരൾച്ചാകെടുതികൾ സംബന്ധിച്ച് പഠിക്കുവാൻ വന്ന കേന്ദ്ര സംഘം എത്ര രൂപയുടെ കൃഷിനാശം ഉണ്ടായതായാണ് വിലയിരുത്തിയത്;

(ഡി) വരൾച്ചാ കെടുതികൾ പഠിക്കുവാൻ വന്ന കേന്ദ്രസംഘം, സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഇ) വരൾച്ചാക്കെടുതിക്ക് കേന്ദ്രസഹായമായി എത്ര രൂപ ലഭിക്കുകയുണ്ടായി ;

(ഇ) സംസ്ഥാനത്തെ നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ 62.61 കോടി രൂപ അംഗീകരിക്കുകയും 18.31 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇതിൽ എത്ര രൂപയാണ് കാർഷികമേഖലയ്ക്കു ലഭിക്കുന്നത്;

(ജി) കാർഷികമേഖലയ്ക്കു ലഭിക്കുന്ന തുകയുടെ വിനിയോഗരീതി എങ്ങനെയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

(എഫ്) & (ജി) കാർഷിക മേഖലയ്ക്കായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ബാധിച്ച പ്രദേശം (ഹെക്ടറിൽ) | ബാധിച്ച കർഷകരുടെ എണ്ണം | കണക്കാക്കിയ നഷ്ടം (കോടി രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 29935 | 26644 | 1487.57 |
| കൊല്ലം | 11925.11 | 7312 | 913.55 |
| ആലപ്പുഴ | 34266 | 7550 | 314.73 |
| പത്തനംതിട്ട | 27422 | 3252 | 507.22 |
| കോട്ടയം | 5267 | 752 | 96.68 |
| ഇടുക്കി | 15079 | 3565 | 251.93 |
| എറണാകുളം | 50 | 127 | 37.78 |
| തൃശ്ശൂർ | 23040 | 1250 | 396.68 |
| പാലക്കാട് | 67799.72 | 24973 | 1218.05 |
| മലപ്പുറം | 22127 | 864 | 397.99 |
| കോഴിക്കോട് | 3500 | 436 | 61.38 |
| വയനാട് | 63929 | 38125 | 1804.3 |
| കണ്ണൂർ | 427.5 | 183 | 2.34 |
| കാസർഗോഡ് | 1020 | 728 | 13.15 |
| **ആകെ** | **305787.3** | **115731** | **7503.35** |